(ഡി) അഞ്ച് ഗഡുക്കൾ കുടിശ്ശികയുണ്ട്.

(ഇ) 1-1-1997-ലെ നിരക്കിൽ 182 ശതമാനം ഡി.എ. നൽകുന്നുണ്ട്. 1-7-1997 മുതലുള്ള മൂന്ന് ഗഡുക്കൾ കുടിശ്ശികയാണ്.

(എഫ്) പരിശോധിച്ച് വ്യക്തമായ നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിലെ നിയമനം

126 (2704) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിൽ നേരിട്ട് നിയമനം നേടിയ വാച്ചർ തസ്തികയിൽ പണിയെടുക്കുന്ന ജീവനക്കാർക്ക് പ്യൂൺ, അറ്റൻഡർ തസ്തികയിലേക്ക് പ്രൊമോഷൻ നൽകുന്നതിന് വ്യവസ്ഥയുണ്ടോ ;

(ബി) വാച്ചർ തസ്തികയിൽ പണിയെടുക്കുന്ന നിശ്ചിത യോഗ്യതയുള്ള ജീവനക്കാർക്ക് പ്രൊമോഷൻ തടഞ്ഞുകൊണ്ട് സഹകരണ രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടോ ;

(സി) വാച്ചർ തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് വേണ്ടത്ര സർവ്വീസും യോഗ്യതയുമുണ്ടെങ്കിൽ സംഘം ഭരണസമിതി തീരുമാനത്തിന് വിധേയമായി സഹകരണ യൂണിയൻ ഡിപ്ലോമ കോഴ്സിലേക്ക് പരിശീലനത്തിന് അർഹതയുണ്ടോ ?

ഉത്തരം

(എ) നൈറ്റ് വാച്ചർ തസ്തികയ്ക്ക് പ്യൂണിന്റെ ശമ്പള സ്കെയിലാണ് ബാധകമാക്കിയിട്ടുള്ളത്. അതിനാൽ ഇവരെ അറ്റൻഡർ തസ്തികയിലേക്ക് പ്രൊമോട്ടു ചെയ്യാവുന്നതാണ്. എന്നാൽ ഇതിനുള്ള വ്യവസ്ഥ ഫീഡർ കാറ്റഗറി റൂളിൽ ഉൾക്കൊള്ളിച്ചിരിക്കണം.

(ബി) ഇല്ല.

(സി) സംഘം ചിലവിൽ പരിശീലനത്തിന് നിയോഗിക്കപ്പെടുവാൻ അർഹതയില്ല. എന്നാൽ സംഘം ജീവനക്കാരനാണെന്ന് സർട്ടിഫിക്കറ്റ് നൽകാവുന്നതാണ്.

ആനാട് ഫാർമേഴ്സ് ബാങ്കിലെ അനധികൃത നിയമനം

127 (2705) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ ആനാട് ഫാർമേഴ്സ് ബാങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടത്തിയ നിയമനങ്ങളെക്കുറിച്ചുള്ള അന്വേഷണം പൂർത്തിയായിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ അന്വേഷണഫലം വ്യക്തമാക്കുമോ ;

(സി) ആരാണ് അന്വേഷണം നടത്തിയതെന്നും അദ്ദേഹത്തെ അന്വേഷണചുമതല ഏൽപ്പിച്ചത് എന്നാണെന്നും വെളിപ്പെടുത്തുമോ ;

(ഡി) അന്വേഷണത്തിൽ കാലതാമസം ഉണ്ടാകുന്നതായ വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) അന്വേഷണം പൂർത്തിയായിട്ടുണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(എഫ്) ഈ ബാങ്കിൽ ഈ കാലയളവിൽ എത്ര പേരെയാണ് നിയമിച്ചതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) അന്വേഷണം പൂർത്തിയായിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) സഹകരണ വകുപ്പിലെ നന്ദിയോട് യൂണിറ്റ് ഇൻസ്പെക്ടറെ 27-7-1998-ൽ ചുമതലപ്പെടുത്തുകയുണ്ടായി.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കും.

(എഫ്) 10 പേരെ നിയമിച്ചു.

ജില്ലാ സഹകരണ ബാങ്കുകൾ ജില്ലാ ഗവൺമെന്റ് ട്രഷറിയിൽ പണം നിക്ഷേപിക്കുന്ന നടപടി

128 (2706) ശ്രീ. കെ. എ.ചന്ദ്രൻ :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. വി. ബാലറാം :
ശ്രീമതി റോസമ്മാ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാ സഹകരണ ബാങ്കുകൾ ജില്ലാ ഗവൺമെന്റ് ട്രഷറിയിൽ പണം നിക്ഷേപിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം ജില്ലാ സഹകരണ ബാങ്കുകളാണ് ഇങ്ങനെ നിക്ഷേപിച്ചിരിക്കുന്നത് ;

(സി) ബാങ്കുകളുടെ മിച്ച ധനമാണോ ഇങ്ങനെ നിക്ഷേപിച്ചിരിക്കുന്നത് ;

(ഡി) ഇങ്ങനെ നിക്ഷേപിക്കുന്ന തുകയിൽ സംസ്ഥാന സഹകരണ ബാങ്കിന്റെയോ മറ്റു സ്ഥാപനങ്ങളുടെയോ വിഹിതം ഉണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly